**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com

Ref: H2-351/2023/KSHC

Date: 15/04/2024

## പത്രക്കുറിപ്പ്:
## ഹജ്ജ് – 2024

# തെരെഞ്ഞെടുക്കപ്പെട്ടവർ ബാക്കി തുക 27/04/2024–നകം അടവാക്കണം

2024 ഹജ്ജിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന തെരഞ്ഞെടുക്കപ്പെട്ടവർ, നേരത്തെ അടച്ച രണ്ട് ഗഡു തുകയായ **2,51,800രൂപക്ക്** പുറമെ ഇനി അടക്കാനുള്ള തുക 2024 ഏപ്രിൽ 27–നകം അടക്കേണ്ടതാണെ് കേന്ദ്ര ഹജ്ജ് കമ്മിറ്റി സർക്കുലർ നമ്പർ 20 പ്രകാരം അറിയിച്ചിരിക്കുന്നു. അപേക്ഷകർ ഹജ്ജ് അപേക്ഷയിൽ രേഖപ്പെടുത്തിയ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് അടിസ്ഥാനത്തിലാണ് ബാക്കി തുക അടവാക്കേണ്ടത്. തീർത്ഥാടകർ അവരുടെ കവർ നമ്പർ ഉപയോഗിച്ച് ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ പരിശോധിച്ചാൽ അടക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ലഭിക്കുതാണ്. ഇപ്പോൾ പ്രഖ്യാപിച്ച തുക താൽക്കാലികവും, ആവശ്യമെങ്കിൽ മാറ്റത്തിനു വിധേയവുമായിരിക്കും.

| എമ്പാർക്കേഷൻ പോയിന്റ് | ഇനി അടക്കാനുള്ള തുക (ഒരാൾക്ക്) |
|---|---|
| **കോഴിക്കോട്** | **1,21,200- രൂപ** |
| **കൊച്ചി** | **85,300 രൂപ** |
| **കണ്ണൂർ** | **86,200 രൂപ** |

അപേക്ഷാ ഫോറത്തിൽ ബലികർമ്മത്തിനുള്ള കൂപ്പൺ ആവശ്യപ്പെട്ടവർ, ആ ഇനത്തിൽ 15,180/–രൂപ കൂടി അധികം അടക്കണം.

ഇൻഫന്റിന് (2–വയസ്സിന് താഴെയുള്ള കുട്ടികൾ ഉള്ളവർ) കോഴിക്കോട് എമ്പാർക്കേഷൻ –13,500രൂപ, കൊച്ചിൻ എമ്പാർക്കേഷൻ –9,950രൂപ, കണ്ണൂർ എമ്പാർക്കേഷൻ –10,000 രൂപ എന്ന നിരക്കിലുള്ള തുക കൂടി അടക്കേണ്ടതാണ്.

ഓരോ കവറിനും പ്രത്യേകമായുള്ള ബാങ്ക് റഫറൻസ് നമ്പർ രേഖപ്പെടുത്തിയ പെയ്മെന്റ് സ്ലിപ് ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലോ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലോ പണമടക്കാവുന്നതാണ്. ഓൺലൈൻ ആയും പണമടക്കാവുന്നതാണ്. അടക്കേണ്ട തുക സംബന്ധിച്ചും മറ്റുമുള്ള വിവരങ്ങൾ ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ്: www.hajcommittee.com, www.keralahajcommittee.org.

**(Sd/-)**
Asst. Secretary
Kerala State Haj Committee